കാവിലെ പാട്ട്
ഇടശ്ശേരി

# കാവിലെ പാട്ട്

അലറി പൂത്തു കാവുകളിൽ
കുരുതിയൂത്തപോലെ,
പകലറുതിപ്പരൽ നിരകൾ
കോൽത്തിരികൾ പോലെ,
സമയമായീ സമയമായീ
തേരിറങ്ങുകംബേ,
സകലലോകപാലനൈക-
സമയമതാലംബേ!
കന്യകയാ,ണെങ്ങളുടെ
കൂപ്പുകൈകളാലേ
കഞ്ജമലർ മൊട്ടു കോർത്ത
മാലയിടും ദേവീ;
കന്യകയാ,ണെങ്ങളുടെ-
യാനമിതശീർഷ-
കമ്രരുദ്രാക്ഷങ്ങൾ കോർത്ത
മാലയിടും ദേവി.
ക്രൂരയാണു കുപിതയാണു
ഞങ്ങളുടെ ദേവി;
ചോരകൊണ്ടു തെച്ചിമലർ-
മാലയിടും ദേവി.
ചൊകചൊകെച്ചുകപ്പുടുത്തു
വെള്ളിയരഞ്ഞാണി-
ട്ടരമുറുക്കിയുതിരഭൂവിൽ
നൃത്തമാടിയാടി,
ചൊകചൊകെച്ചുകപ്പുകൊണ്ടു
കാർകുഴലും മൂടി-
ത്തിറമെഴും ശിരസ്ത്രമിട്ടു
നൃത്തമാടിയാടി,
ചടുല തടില്ലതിക പെരും-
കൊടുമുടിയിൽപ്പോലെ
കൊടിയ കൊടും വാൾകൾ മിന്നി
മിന്നൽ പെറും ദേവി.
സമയമായീ സമയമായീ
തേരിറങ്ങുകംബേ,
സകലലോകപാലനൈക-
സമയമതാലംബേ!
മൺകുടത്തിൽ മദകരമാം
മധു തുളുമ്പീടുന്നു,
പൊൻകുടത്തിൽ പൂക്കുലകൾ
പൊട്ടിവിരിയുന്നൂ;
കളമധുരദ്യുതി കഴുകി-
ക്കളമെഴുതിത്തീർന്നു,
നിറപറയും കതിർ ചൊരിയും
നിലവിളക്കും വെച്ചു;
ചെകിടടയും വെടികളോടെ
ചെണ്ടമേളം താക്കി-
ച്ചേലിയലും പെൺകൊടിമാർ
താലവും നിരത്തി.
സമയമായീ സമയമായീ
തേരിറങ്ങുകംബേ,

സകലലോകപാലനൈക-
സമയമതാലംബേ!
സുംഭനിസുംഭാദികളെ-
ക്കൊന്നൊടുക്കിയോളേ,
സുരഭിലപ്പൂവല്ലിപോലെ-
യെങ്ങിനെ നീ മാറി?
ക്രോധമൂർത്തേ,യെങ്ങിനെ നിൻ
സൃഷ്ടിയിലെ ക്രൗര്യം
കോടികോടി പ്രപഞ്ചത്തിൻ
കുളിർതണലായ് മാറി?
(അക്കഥകൾ പാടിപ്പാടി
ശാന്തനിശീഥത്തിൽ
മക്കളെയുറക്കിടാറു-
ണ്ടമ്മമാരീനാട്ടിൽ!)
എതിരുനിന്ന കശ്മലരെ
നീയരിഞ്ഞുതള്ളി
പതിരുപോലെ പാഞ്ഞവരിൽ
മാരിവിത്തും വീഴ്ത്തി.
തെക്കുതെക്കോരൂരിൽ നിന്നു
വന്നുവത്രേ ദേവി
തെച്ചിമലർ പൂത്തലറും
വേനലാളും നാളിൽ:
ദുരിതവൃത്തരുധിരസിക്ത-
കുടിലഖഡ്ഗമോടേ
കലികയറിക്കമ്പിതയാ-
യംബിക നീ നിന്നു.
അന്നു നിന്നോരാൽത്തറയിൽ-
പ്പീഠമിട്ടു പട്ടും
പൊന്നലരും തൂർത്തുവിരി-
ച്ചെങ്ങൾ കാത്തുനില്പൂ.
സമയമായീ സമയമായീ
തേരിറങ്ങുകംബേ,
സകലലോകപാലനൈക-
സമയമതാലംബേ!
കലികയറിക്കമ്പിതയാ-
യംബിക നീ നിന്നു
കാവകത്തണുതണലിൽ-
ക്കമ്രദീപ്തി പെയ്കെ.
കച്ചകെട്ടിക്കളി കഴിഞ്ഞു
കളരിവിട്ടു പോന്നൂ
കാഞ്ചന പ്രതിമയൊത്തോ-
രോമനക്കുമാരൻ
കാവിനുനേർക്കന്തിതോറും
തിരികൊളുത്തിക്കാട്ടും
നാലുകെട്ടുണ്ടപ്പുറത്ത-
തിൻ സുകൃതപൂരം.
തരുണിമ തൻ നിഴലടിച്ച
നീലിമയാൽ നീങ്ങാ-
തരുണിമയായ്,ക്കവിളിണയിൽ-
പ്പറ്റിനിന്നൂ ബാല്യം

## കാവിലെ പാട്ട്
## ഇടശ്ശേരി

എണ്ണയിട്ടുഴിയുകയാ-
ലെരികനലിൻ മട്ടിൽ-
ക്കണ്ണിണയിൽക്കതിർ ചൊരിഞ്ഞി-
തുച്ചവെയ്‌ലത്തായാൾ.
ആ പ്രദീപ്തിയഖിലലോക-
ഭീതിദയാം നിന്നെ-
യത്ഭുതപ്പെടുത്തിയില്ലേ-
യത്ഭുതചൈതന്യേ!
അന്നിരുന്നോരാൽത്തറയിൽ
പ്പീഠമിട്ടു പട്ടും
പൊന്നലരും തൂർത്തുവിരി-
ച്ചെങ്ങൾ കാത്തുനില്പൂ.
സമയമായീ സമയമായീ
തേരിറങ്ങുകംബേ,
സകലലോകപാലനൈക-
സമയമതാലംബേ!
തന്മകനെക്കാത്തു നിന്നൂ
തായ, തൊട്ട വീട്ടിൽ
തരളിതമാം ഹൃദയമാളും
താളഘോഷത്തോടേ,
പൊടിയരിയാൽച്ചോറുവെച്ചു
ചൂടുപാകമാക്കി-
യുരുകിയ നെയ്‌കോരിവീഴ്ത്തി-
സ്നിഗ്ധതരമാക്കി
പലകറികൾ പാകമായൊ-
രുക്കിയവനുണ്ണാൻ
വരികയായീ വരികയായെ-
ന്നുഴറിയകണ്ണോടെ!
ആയിളം കുളിരൊളിത്തി-
ടമ്പിനോടെന്തോതീ
ആയിരം കഴുത്തറുത്തു
ചോരകുടിച്ചോളേ!
കഠിനരോഷം കൊണ്ടുതുള്ളീ
പൂക്കുലപോലേ നീ,
കാരിരുമ്പലകുലയെ-
ക്കാളസർപ്പം പോലെ.
വരളുകയായ് നിന്റെ കണ്ഠം
നരകവഹ്നിയാലേ
ഉരുളുകയായ് നിന്മിഴികൾ
തപ്തഗോളം പോലെ.
'ചോര വീഴ്ത്തിച്ചോരവീഴ്ത്തി-
ത്തർപ്പണം ചെയ്തീയെൻ
ക്രൂരദാഹം പോക്കു' കെന്നോ
നിൻ നിദേശം ദേവി?
ചാടിയില്ല നിന്റെ നേർക്കൊ-
രസുരനെപ്പോലായാ-
ളോടിയില്ല പേടിമൂത്ത
കുത്സിതനെപ്പോലെ,
പുഞ്ചിരിക്കൊണ്ടങ്ങുനിന്നൂ
നിൻ ചിരദാഹത്തിൽ-
സഞ്ചിതാനുകമ്പമംബേ,
മാനുഷകുമാരൻ!
അവനെ വാരിപ്പുണരുവാനെ-
ന്തകമലിഞ്ഞീലല്ലോ
ഹനനമാത്രചരിതയാം നി-
നക്കു നിത്യകന്യേ!
ക്രൂരതാനിധാനമായ് നീ
നിന്നിടത്തു പട്ടും
താരുമിതാ തൂത്തുവിരി-
ച്ചെങ്ങൾ കാത്തുനില്പൂ.
സമയമായീ സമയമായീ
തേരിറങ്ങുകംബേ,
സകലലോകപാലനൈക-
സമയമതാലംബേ!
കാവിലെക്കുളത്തിലായാൾ
ചാടിമുങ്ങിവന്നു,
ഭൂവിനെത്തൊഴുതു തന്റെ
മാതൃപാദം പോലെ,
ഏഴടി പിന്നോക്കമിട്ടി-
ട്ടേഴടി കുതിച്ചു
താണുനിന്നൊളിപെറും തൻ
വാളിനേയും കൂപ്പി
ഏഴുരണ്ടുലകിൽ നീയേ
ദേവിയെന്നു നിന്നെ-
യേഴു വലംവെച്ചിരുന്നു
ചമ്മണം പടിഞ്ഞു
ഒളിവിളങ്ങും വാളിളക്കി
നിന്റെ ദാഹം തിർക്കെ-
ന്നിളമുളയെപ്പോലെ തന്റെ
ഗളതലത്തെ വെട്ടി!
ചോലവെള്ളം പോലെ തിള-
ച്ചുയിരുതിരം വീഴ്കെ-
പ്പാലൊളിയായ് മാറിയില്ലേ
നിന്റെ തെച്ചിമാല്യം?
അലറി പൂത്ത പൂക്കൾ വീഴ്കെ
മുല്ലമലർ പോലെ
വിളറിയൊന്നു സംഭ്രമിച്ചി-
ല്ലല്ലി നിൻ മിഴികൾ!
പാടലമക്കുരുതിയാലും
കുളിരുറന്നീലല്ലീ
പാരിടത്തിൻ നേർക്കുയർന്നു-
പാളുമുഗ്രരോഷം?
അത്തറയിലവനെയോർത്തു
പീഠമിട്ടു പട്ടും
പുത്തനലരും വിരിച്ചു
കാത്തുനില്പൂ ങ്ങൾ
സമയമായീ സമയമായീ
തേരിറങ്ങുകംബേ
സകലലോകപാലനൈക-
സമയമതാലംബേ!
സൂര്യനെച്ചിൽക്കിണ്ണമെന്ന
പോലൊളികെട്ടഭ്ര-
ച്ചേറിലയ്യോ മുങ്ങി മുങ്ങീ-
ലെന്ന പോലെ നില്ക്കെ,
നേരിനുള്ള ദീപ്തി മറ-
കീറിയുച്ച നേരം
താരകങ്ങൾ മണ്ണിലേയ്ക്കു
നോക്കി നോക്കി നില്ക്കെ

# കാവിലെ പാട്ട്
## ഇടശ്ശേരി

ഉണ്ണിയെത്തേടിത്തിരിച്ചോ-
രമ്മയുടെ മുമ്പിൽ
എങ്ങനെ നീ നിന്നു ചണ്ഡി,
ചാമ്പലായ്പ്പോകാതെ!
നിന്മദാന്തക്ഷുബ്ധതയെ
രുഷ്ടതയെ നോക്കീ-
ലമ്മ തൊഴുകയ്യൊടേവം
ചൊല്ലുകയേ ചെയ്തു:
"ഏഴുകൊല്ലം നോൽമ്പെടുത്തു
താലികെട്ടി ഞാൻ പി-
ന്നേഴുകൊല്ലം നോൽമ്പെടുത്തൂ
ഞാനവനെ പ്പെറ്റൂ
ഏഴുകൊല്ലം പാൽകൊടുത്തെൻ
മാറവനെപ്പോറ്റീ
ഏഴുകൊല്ലം വാളെടുത്ത-
വൻ പയറ്റീ പിന്നെ
അംബികേ, നേർ ചൊല്ലുകെന്നോ-
ടായിളം പ്രകോഷ്ഠം
കമ്പിതമായീലയല്ലീ
തൻ കൊലയ്ക്കായ്ത്താഴ്കെ?
തൻകുലം താഴ്ത്തീലയല്ലി
യെന്നുയിരൊടുവി-
ലെങ്കലുമാഴ്ത്തീലയല്ലീ
ദുഷ്ക്കളങ്കശല്യം?"
ദേവകന്യേ, നിന്നിലെന്തു
ചാലനമുണ്ടാക്കി
മാനവനെ പെറ്റവളെ-
ന്നെങ്ങളറിവീല

അന്നു മുതൽക്കെങ്ങളുടെ
ദുർന്നയത്തിൻ നേരെ
പൊങ്ങിയാലും നിൻകൊടുവാൾ
നിന്നിലേ പതിപ്പൂ.
നീലമേഘശ്യാമളതേ,
ഞങ്ങളറിയുന്നൂ
നീതിരിച്ചു നിന്നിലേയ്ക്കേ
നിന്നുദഗ്രക്രൗര്യം!
സ്നേഹശീലർ ഞങ്ങളിലെ-
യാസുരത മേലിൽ
തൂകുവതു ലോകമാതേ,
നിന്നുതിരമെങ്കിൽ
അക്കനത്ത ശിക്ഷതാങ്ങി-
പ്പോരുവോരീ ഞങ്ങൾ
തൃക്കഴൽപ്പൊടി തുടയ്ക്കാൻ
കാത്തുകാത്തേ നില്പൂ.
തിങ്കളോടുഡുക്കളോടു-
മർക്കനോടുമൊപ്പം
ഞങ്ങളുടെ മസ്തകവു-
മർച്ചനപ്പൂവാക്കി
ഇത്തറയിൽ സ്വാന്തരംഗ-
പീഠമിട്ടു പട്ടും
പുത്തനലരും വിരിച്ചേ
കാത്തുനില്പൂ ഞങ്ങൾ.
സമയമായീ സമയമായീ
തേരിറങ്ങുകംബേ,
സകലലോക പാലനൈക-
സമയമതാലംബേ!